പരിപോഷിപ്പിക്കുവാൻ ലക്ഷ്യമിട്ടുള്ളതാണ് ടി പദ്ധതി. പരിസ്ഥിതി പരിപോഷണം ഉറപ്പുവരുത്തുക എന്നതുകൂടാതെ വിദ്യാർത്ഥികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ-അർദ്ധ സർക്കാർ, കേന്ദ്ര സർക്കാർ, പൊതുമേഖല, മതസ്ഥാപനങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, യുവജന സംഘടനകൾ, വനസംരക്ഷണ സമിതികൾ, ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ, സന്നദ്ധ സംഘടനകൾ തുടങ്ങി സമൂഹത്തിലെ നാനാതുറയിലുള്ള പൗരന്മാരുടെ പങ്കാളിത്തവും യത്നവും ഇപ്രകാരമുള്ള പരിസ്ഥിതി പരിപാലന പദ്ധതികളിൽ ഉറപ്പുവരുത്തുവാൻ ഈ പദ്ധതി മുഖേന ലക്ഷ്യമിടുന്നുണ്ട്.

(സി) വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, എൻ.സി.സി., എൻ.എസ്.എസ്., എസ്.പി.സി, ഭൂമിത്രസേന തുടങ്ങിയ വിദ്യാർത്ഥി സംഘടനകൾ, യുവജന സംഘടനകൾ, മതസ്ഥാപനങ്ങൾ, കുടുംബശ്രീ, ആർമി, നേവി, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ രാഷ്ട്രീയ പാർട്ടികളുടെ യുവജന സംഘടനകൾ, വനസംരക്ഷണ സമിതികൾ, ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ, തപാൽ വകുപ്പുകൾ, വിവിധ സർക്കാർ വകുപ്പുകൾ നേച്ചർ ക്ലബ്ബുകൾ തുടങ്ങി സമൂഹത്തിലെ നാനാതുറയിലുള്ള പൗരന്മാരും ടി പദ്ധതിയുമായി സഹകരിക്കുന്നുണ്ട്.

(ഡി) 2014 ജൂൺ 5 പരിസ്ഥിതി ദിനത്തിൽ രാവിലെ 10.30-നും 11.30-നും ഇടയ്ക്കുള്ള ഒരു മണിക്കൂർ ഹരിതസമയത്ത് സമൂഹത്തിലെ നാനാതുറയിലുള്ള പൗരന്മാരുടെ പങ്കാളിത്തത്തോടുകൂടി സംസ്ഥാനത്തൊട്ടാകെ 10 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനും തുടർന്ന് അവയെ പരിപാലിച്ച് വളർത്തിയെടുക്കുവാനുമാണ് ഈ വർഷം ലക്ഷ്യമിട്ടിരിക്കുന്നത്. ഇക്കാര്യത്തിൽ വേണ്ട തുടർനടപടികളെടുത്തതിനെ തുടർന്ന് ടി ഹരിതസമയത്ത് 19.55 ലക്ഷം തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

വനം വകുപ്പിലെ ജീവനക്കാർ

284 (2159) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനം വകുപ്പിലെ ജീവനക്കാരുടെ ജോലി സമയം എത്ര മണിക്കൂറാണെന്ന് വ്യക്തമാക്കാമോ ; ഇത് മറ്റ് വകുപ്പുകളിലേതിന് തുല്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ബി) സംസ്ഥാന പോലീസ് സേനയിലും വനം വകുപ്പിലും ശമ്പളേതര ആനുകൂല്യങ്ങളിൽ വ്യത്യാസമുണ്ടോ ; എങ്കിൽ ഈ ആനുകൂല്യങ്ങൾ പോലീസ് സേനയിലേതിന് തുല്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വനം വകുപ്പിലെ ജോലിയുടെ ബുദ്ധിമുട്ട് പരിഗണിച്ച് സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഡി) വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് ആവശ്യത്തിന് താമസസൗകര്യവും വാർത്താവിനിമയ സൗകര്യങ്ങളും നിലവിൽ ലഭ്യമാകുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ ; ഈ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഇ) വനം വകുപ്പിൽ ബീറ്റ് ഓഫീസർമാരായി ജോലിയിൽ പ്രവേശിക്കുന്നവരിൽ ഭൂരിഭാഗവും ജോലി ഉപേക്ഷിച്ച് താഴ്ന്ന വേതനത്തിലുള്ള മറ്റ് ജോലികൾ സ്വീകരിക്കുന്നതായുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇതിനിടയായ സാഹചര്യങ്ങൾ കണ്ടെത്തി പരിഹരിച്ച് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വനം വകുപ്പിലെ വനസംരക്ഷണ ജീവനക്കാർ മുഴുവൻ സമയം ജോലിക്കാരായതിനാൽ ഇവരുടെ ജോലിയുടെ സ്വഭാവം മറ്റ് വകുപ്പുകളുമായി താരതമ്യം ചെയ്യാൻ സാധിക്കുകയില്ല.

(ബി&സി) സംസ്ഥാന പോലീസ് സേനയിലും വനം വകുപ്പിലും ശമ്പളേതര ആനുകൂല്യങ്ങളിൽ വ്യത്യാസം നിലവിലുണ്ട്. ശമ്പളേതര ആനുകൂല്യങ്ങൾ തുല്യമാക്കുന്നതിനും വനം വകുപ്പിലെ ജോലിയുടെ ബുദ്ധിമുട്ട് പരിഗണിച്ച് സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനും 10-ാം ശമ്പള കമ്മീഷൻ മുമ്പാകെ വനം വകുപ്പ് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(ഡി) വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് ആവശ്യത്തിന് താമസ സൗകര്യവും വാർത്താവിനിമയ സൗകര്യങ്ങളും ലഭ്യമാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് അപര്യാപ്തതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(ഇ) വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നവർ അതിനെക്കാൾ ഉയർന്ന/താഴ്ന്ന തസ്തികയിൽ ജോലി ലഭിക്കുന്നതനുസരിച്ച് അവരുടെ സൗകര്യാർത്ഥം വനം വകുപ്പിൽ നിന്നും വിടുതൽ ചെയ്യാറുണ്ട്. വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയുടെ ജോലി സാഹചര്യവും വനം വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് മറ്റ് ജോലി സ്വീകരിക്കുന്നതിനുള്ള ഒരു കാരണമായി കണ്ടുവരുന്നു. ഇത്തരം സാഹചര്യങ്ങൾ കണ്ടെത്തി വന സംരക്ഷണ സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly